**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3248** **13-07-2022 - ൽ മറുപടിയ്ക്ക്**

**പതിച്ച് നൽകിയ ഭൂമിയിൽ ഉൽപാദനമേഖലയുമായി ബന്ധപ്പെട്ട ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വർഷങ്ങൾക്ക് മുൻപ് പതിച്ച് നൽകിയ ഭൂമി ഉൽപാദനമേഖലയുമായി ബന്ധപ്പെട്ട ആവശ്യത്തിന് ഉപയോഗിക്കാൻ പാടില്ല എന്ന നിബന്ധന നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ഭൂമി ഏത് ആവശ്യത്തിനാണ് പതിച്ച് നൽകിയത് പ്രസ്തുത ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാൻ പാടുള്ളുവെന്ന നിബന്ധന നിലവിലുണ്ട്. 1964-ലെ കേരള ഭൂമി പതിച്ച് നൽകൽ ചട്ടത്തിലെ ചട്ടം 4 പ്രകാരം വ്യക്തിഗത കൃഷി, താമസസ്ഥലം, സമീപസ്ഥലങ്ങളായ ഭൂമികളിലേയ്ക്കുള്ള പ്രയോജനപ്രദമായ അനുഭവാവകാശം എന്നീ ആവശ്യങ്ങൾക്കായി ഗവണ്മെന്റ് ഭൂമി പതിവ് മുഖേന പതിച്ച് നൽകാവുന്നതാണെന്ന് വ്യവസ്ഥയുള്ളതും 1995 ലെ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ച് നൽകുന്ന ചട്ടത്തിലെ ചട്ടം 3 പ്രകാരം താമസ സ്ഥലം, കച്ചവടസ്ഥലം, അല്ലെങ്കിൽ മറ്റ് വാണിജ്യപരമോ, ധർമ്മപരമോ ആയ കാര്യങ്ങൾക്കും സമീപസ്ഥലങ്ങളായ പതിവ് ഭൂമികൾക്കായുള്ള പ്രയോജനപ്രദമായ അനുഭവാവകാശത്തിനും ഗവണ്മെന്റ് ഭൂമി പതിച്ച് നൽകാവുന്നതാണെന്ന് വ്യവസ്ഥയുള്ളതും, 1993 ലെ ഭൂമി പതിച്ച് നൽകൽ (1977 ന് മുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങളിലെ ചട്ടം 3 ൽ വ്യക്തിഗത കൃഷി ആവശ്യത്തിലേയ്ക്കോ, ഭവന നിർമ്മാണത്തിനോ, ചെറിയ കടമുറികൾ വയ്ക്കുന്നതിനോ ഈ ചട്ടങ്ങൾ പ്രകാരം പതിവ് മുഖേന ഭൂമി പതിച്ച് നൽകാവുന്നതാണെന്ന് വ്യവസ്ഥയുള്ളതുമാണ്. 1964-ലെ കേരള ഭൂമി പതിച്ച് നൽകൽ ചട്ടത്തിലെ ചട്ടം 8(2) പ്രകാരം പതിച്ച് കിട്ടിയ വ്യക്തിയോ അയാളുടെ ഒരു കുടുംബാംഗമോ അയാളുടെ പിൻതുടർച്ചാവകാശിയോ പതിച്ച് കിട്ടിയ ഭൂമി കെട്ടിട നിർമ്മാണത്തിനായി നൽകിയതാണെങ്കിൽ അവിടെ താമസിക്കേണ്ടതും കൃഷിയ്ക്കായി നൽകിയിട്ടുള്ളതാണെങ്കിൽ അവിടെ സ്വന്തമായി കൃഷിയിറക്കേണ്ടതും അതത് സംഗതികളിൽ അങ്ങനെയുള്ള താമസമോ കാർഷികവൃത്തിയോ പട്ട |

| | | | |
|---|---|---|---|
| | | | ലഭിച്ച തീയതി മുതലോ പ്രാഥമിക നടപടിയെന്ന നിലയിൽ താൽക്കാലിക പട്ട ലഭിച്ചിട്ടുള്ള തീയതി മുതലോ ഒരു വർഷത്തിനുള്ളിലോ ഫലപ്രദമായി ആരംഭിച്ചിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. 1964-ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടത്തിലെ ചട്ടം 8(3) പ്രകാരം 8 ഉപചട്ടം (1) ലെയോ (2) ലെയോ വ്യവസ്ഥകൾ ലംഘിച്ചാൽ പതിവ് റദ്ദ് ചെയ്യാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. |
| (ബി) | പതിച്ചു നൽകുമ്പോൾ റസിഡൻസ്/കൾട്ടിവേഷൻ ആവശ്യങ്ങൾക്ക് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ എന്ന നിബന്ധന മൂലം ക്ഷീരോൽപാദക സംഘങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ പോലും സാധിക്കാത്ത ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | വയനാട് ജില്ലയിൽ ഒഴികെ ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്. വീട് നിർമ്മിക്കുന്നതിനോ കൃഷിക്കോ ആണ് പട്ടയം നൽകിയതെങ്കിൽ പ്രസ്തുത ആവശ്യത്തിനായി മാത്രമേ ഭൂമി ഉപയോഗിക്കാൻ പാടുള്ളൂ. |
| (സി) | വർഷങ്ങൾക്ക് മുൻപ് ഇത്തരത്തിൽ പതിച്ചു നൽകിയ സ്ഥലം പരിശോധനയ്ക്ക് വിധേയമാക്കി പൊതു ആവശ്യങ്ങൾക്കാണെങ്കിൽ അനുമതി നൽകുന്ന വിഷയം പരിഗണിക്കുമോ? | (സി) | ഇക്കാര്യത്തിൽ വ്യക്തമായ പ്രൊപ്പോസൽ ലഭിക്കുകയാണെങ്കിൽ ഭൂമി പതിവ് ചട്ടങ്ങളിലെ നിയമവശങ്ങൾ അടിസ്ഥാനപ്പെടുത്തി വിശദമായി പരിശോധിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ